(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിമാരും ഏതെല്ലാം വിദേശ രാജ്യങ്ങളിൽ എത്ര തവണ സന്ദർശനം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) വിദേശയാത്രകൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിമാരും നടത്തിയ വിദേശയാത്രകളുടെ എണ്ണം സംബന്ധിച്ച വിശദാംശം അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്.*

(ബി) ഔദ്യോഗിക വിദേശയാത്രകൾക്കായി ഓരോ മന്ത്രിമാരും ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം അനുബന്ധം ബി ആയി ചേർത്തിട്ടുണ്ട്.*

സർവ്വീസിൽനിന്ന് വിരമിച്ചവരുടെ വിവരം സംബന്ധിച്ച്

35 (2851) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ജനുവരി മുതൽ ജൂൺ 30 വരെ സംസ്ഥാന സിവിൽ സർവ്വീസിൽ നിന്ന് എത്ര പേർ വിരമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

(ബി) 2015 മാർച്ച് 31-ന് എത്ര അദ്ധ്യാപകർ വിരമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സ്പാർക്കിൽ നിന്നുള്ള വിവരമനുസരിച്ച് 2015 ജനുവരി മുതൽ ജൂൺ 30 വരെ സംസ്ഥാന സിവിൽ സർവ്വീസിൽ നിന്ന് വിരമിച്ചവരുടെ എണ്ണം 23,166-ആണ്.

(ബി) സ്പാർക്കിൽ നിന്നുള്ള വിവരമനുസരിച്ച് മെഡിക്കൽ, നിയമ വിദ്യാഭ്യാസ വകുപ്പുകൾ ഒഴിച്ച് വിദ്യാഭ്യാസ വകുപ്പിൽനിന്നും വിരമിച്ചവരുടെ എണ്ണം 3,431 ആണ്.

അദാനിയുമായുള്ള മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ച

36 (2852) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടറിൽ ക്വാട്ട് നൽകിയ അദാനിയുമായി മുഖ്യമന്ത്രി ഡൽഹിയിലുള്ള പ്രൊഫ. കെ. വി. തോമസ് എം: പി. യുടെ വീട്ടിൽ വച്ച് സംസാരിക്കുകയുണ്ടായോ ; എങ്കിൽ അതിനിടയായ സാഹചര്യം എന്തായിരുന്നു ; ഡൽഹിയിൽ സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ആഫീസുകളും സംവിധാനങ്ങളും നിലനിൽക്കെ ഒരു എം.പിയുടെ വീട്ടിൽ വച്ച് അദാനിയുമായി സംസാരിക്കേണ്ടി വന്നത് എന്തു സാഹചര്യത്തിലായിരുന്നു ;

(ബി) എം. പി.-യുടെ വീട്ടിലെത്തിയ ഉദ്യോഗസ്ഥന്മാരും, അല്ലാത്തവരും ആരൊക്കെയായിരുന്നു ; വീട്ടിലെത്തിയവരിൽ മുഖ്യമന്ത്രിയും അദാനിയും തമ്മിലുള്ള ചർച്ചയിൽ ആദ്യവസാനം പങ്കെടുത്തവർ ആരൊക്കെയായിരുന്നു ; ചർച്ച ഔദ്യോഗികമോ വ്യക്തിപരമോ ആയിരുന്നുവോ ; ഔദ്യോഗികമായിരുന്നുവെങ്കിൽ യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ ;

(സി) കൂടിക്കാഴ്ചയിൽ അദാനിയുമായി മുഖ്യമന്ത്രി എന്തെല്ലാം കാര്യങ്ങൾ സംസാരിക്കുകയും ധാരണയിലെത്തുകയും ചെയ്തു ; വിശദമാക്കാമോ ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടറിൽ യോഗ്യത നേടിയ കമ്പനികളിൽ ഒന്നായ അദാനി പോർട്ട്സിന്റെ ചെയർമാനായ ഗൗതം അദാനിയുമായി മുഖ്യമന്ത്രി ഡൽഹിയിലുള്ള പ്രൊഫ. കെ. വി. തോമസ് എം.പി. യുടെ വീട്ടിൽവച്ച് സംസാരിക്കുകയുണ്ടായി. ബിഡ്ഡിൽ ആരും താല്പര്യം പ്രകടിപ്പിക്കാത്ത സാഹചര്യത്തിൽ തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം ബിഡ്ഡിൽ യോഗ്യത നേടിയ കമ്പനികളെ ബിഡ്ഡിൽ പങ്കെടുപ്പിക്കുന്നതിനുള്ള താല്പര്യം ജനിപ്പിക്കുന്നതിനുവേണ്ടി ബോർഡ് ചെയർമാൻ എന്ന നിലയിലാണ് കൂടിക്കാഴ്ച നടത്തിയത്.

(ബി) മുഖ്യമന്ത്രിയോടൊപ്പം കൂടിക്കാഴ്ചയിൽ തുറമുഖ വകുപ്പുമന്ത്രി, സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖ വകുപ്പ്), റസിഡന്റ് കമ്മീഷണർ, ന്യൂഡൽഹി, മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്), പ്രോജക്ട് മാനേജർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എന്നിവർ പങ്കെടുത്തിരുന്നു.

പ്രസ്തുത ചർച്ചയിൽ എല്ലാവരും ആദ്യാവസാനം പങ്കെടുത്തിരുന്നു. ടെണ്ടർ പ്രോസസ്സിന്റെ ഭാഗമായ പ്രീ ബിഡ് മീറ്റിംഗ് അല്ലാത്തതിനാൽ ഈ യോഗത്തിന്റെ മിനിട്സ് തയ്യാറാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൂടിക്കാഴ്ചയിൽ ടെണ്ടർ സംബന്ധമായി നൽകിയിട്ടുള്ള കരട് കൺസഷൻ കരാറിലെ വ്യവസ്ഥകളെപ്പറ്റി സംസാരിക്കുകയോ എന്തെങ്കിലും ധാരണയിൽ എത്തുകയോ ചെയ്തിട്ടില്ല. ബിഡ്ഡിൽ പങ്കെടുക്കാൻ ആരും താൽപ്പര്യം പ്രകടിപ്പിക്കാത്ത സാഹചര്യത്തിൽ യോഗ്യത നേടിയ കമ്പനികളെ ബിഡ്ഡിൽ പങ്കെടുപ്പിക്കുന്നതിനുള്ള താല്പര്യം ജനിപ്പിക്കുക മാത്രമായിരുന്നു ചെയ്തത്.

വെട്ടിക്കുറച്ച തസ്തികകൾ

37 (2853) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ വകുപ്പിലും വെട്ടിക്കുറച്ച തസ്തികകൾ എത്രയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കുറവ് ചെയ്യേണ്ടതായി കണ്ട, ഒറ്റപ്പെട്ട തസ്തികകൾ ചില വകുപ്പുകളിൽ വെട്ടിക്കുറച്ചിട്ടുണ്ട്. വിശദമായ വിവരം ശേഖരിച്ചുവരുന്നു.

ഹെലികോപ്റ്റർ യാത്രാചെലവ്

38 (2854) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർക്കും മറ്റും ഹെലിക്കോപ്റ്റർ യാത്രയിനത്തിൽ ഖജനാവിൽനിന്ന് ആകെ എത്ര തുക ചെലവാക്കിയിട്ടുണ്ട് ; വിവരിക്കുമോ ;

(ബി) മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും ഓരോ വർഷവും (2011-2015) ചെലവാക്കിയ തുകയും മന്ത്രിമാരുടെ പേരുവിവരവും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർക്കും മറ്റും ഹെലികോപ്റ്റർ യാത്രയിനത്തിൽ ഇതുവരെ ഖജനാവിൽ നിന്ന് ചെലവ് ഒന്നും വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly